# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5018 | 27.06.2019- ൽ മറുപടിക്ക് |
|---|---|

## പ്രളയാനന്തര പുനർനിർമ്മിതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി. ദിവാകരൻ : | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് പ്രളയാനന്തര പുനർനിർമ്മിതിക്കായി വിദേശരാജ്യങ്ങളുടെ സഹായം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെത്തുടർന്ന് പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസഹായം നകുന്നതിന് യു.എ.ഇ അടക്കമുള്ള രാജ്യങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. വിദേശ രാജ്യങ്ങളിലെ മലയാളികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സന്ദർശനത്തിന്റെ ഫലമായും ഗൾഫ് രാജ്യങ്ങളിൽ നിന്ന് വിവിധതരത്തിലുള്ള സഹായങ്ങൾ ലഭിച്ചു. |
| (ബി) | പുനർനിർമ്മാണം പരിസ്ഥിതി സൗഹാർദ്ദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി) | സംസ്ഥാനത്ത് പ്രളയാനന്തര പുനർനിർമാണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ തയാറാക്കിയിട്ടുള്ള സമഗ്രരേഖയായ കേരള പുനർനിർമാണ വികസന പരിപാടി (RKDP) യിൽ പരിസ്ഥിതി സൗഹാർദ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടുള്ള പദ്ധതികളാണ് നടപ്പാക്കുകയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്നതാണ് പുനർനിർമാണത്തിന്റെ |

| | | | |
|---|---|---|---|
| | | | ലക്ഷ്യം തന്നെ. പ്രസ്തുത രേഖയിലെ പരിസ്ഥിതിയും കാലാവസ്ഥാ മാറ്റവും എന്ന അധ്യായത്തിൽ കേരള പുനർനിർമാണവുമായി ബന്ധപ്പെട്ട പദ്ധതികൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിനു വരുത്തേണ്ട നയപരവും സ്ഥാപനപരവും നിക്ഷേപപരവുമായ ഇടപെടലുകൾ നിർദേശിക്കുന്നു. അതിജീവനക്ഷമമായ പാരിസ്ഥിതിക ഇടപെടലുകളിലൂടെ സംസ്ഥാനത്തിന്റെ പരിസ്ഥിതി മേഖലയ്ക്കുണ്ടായ തകർച്ച പരിഹരിക്കേണ്ടത് ദുരന്തസാധ്യത കുറയ്ക്കുന്നതിനും ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനും അത്യാവശ്യമാണ്. ഇതിനായി ചുവടെ പറയുന്നവയുമായി ബന്ധപ്പെട്ട ഇടപെടലുകളാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്.<br>* സ്ഥാപനതല സാങ്കേതികവിദ്യ പങ്കാളിത്ത ശേഷി എന്നിവ വികസിപ്പിക്കൽ<br>*പരിസ്ഥിതിലോല നയം വികസിപ്പിക്കൽ<br>*അതിജീവനക്ഷമത ഉറപ്പാക്കുന്നതിനായി പ്രവർത്തിക്കുന്ന വിവിധ സാമൂഹികവിഭാഗങ്ങളെയും ബന്ധപ്പെട്ട ഏജൻസികളെയും ഒരുമിപ്പിക്കൽ. |

**സെക്ഷൻ ഓഫീസർ**